വിവരാവകാശം /മറുപടി

E3-4038/19

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ ,തിരുവനന്തപുരം
തീയതി:29.04.2019
Email-swdkerala@gmail.com
Phone.0471-2306040

ശ്രീമതി.ഗീത.കെ,
അപ്പലേറ്റ് അതോറിറ്റി&
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

എല്ലാ കീഴ്ക്കാര്യാലയ മേധാവിമാർക്കും

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - ജീവനക്കാര്യം -വിവരാവകാശനിയമം 2005 -മറുപടി നൽകുന്നത് -സംബന്ധിച്ച്.

സൂചന :- ശ്രീമതി.പ്രിയ.വി.പി 20.03.2019-ൽസമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ.

സൂചനയിലേയ്ക്ക് ശ്രദ്ധക്ഷണിക്കുന്ന ശ്രീമതി.പ്രിയ.വി.പി.സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പ്രസ്തുത അപേക്ഷയിലെ ചോദ്യം നമ്പർ 6 ചോദ്യം നമ്പർ 8 എന്നിവയ്ക്കുള്ള മറുപടി അപേക്ഷകയ്ക്ക് നേരിട്ട് നൽകുവാൻ താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

ശ്രീമതി.ഗീത.കെ,
അപ്പലേറ്റ് അതോറിറ്റി&
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

R
53

# 2005 വിവരാവകാശ നിയമപ്രകാരം ബോധിപ്പിക്കുന്ന അപേക്ഷ

UL4638

പ്രേഷിതൻ ,

PRIYA.V.P.
KILIYAMPARAMBIL HOUSE,
ARIYANNUR (P.O) 680102,
GURUVAYUR (VIA) THRISSUR.

സ്വീകർത്താവ് ,

CHIEF INFORMATION OFFICER,
DIRECTORATE OF SOCIAL JUSTICE,
VIKAS BHAVAN - 5TH FLOOR.
THIRUVANATHAPURAM 695003

സർ ,

വിഷയം : താഴെപറയുന്ന ചോദ്യങ്ങൾക്ക് 2005 വിവരവകാശ നിയമപ്രകാരമുള്ള മറുപടി / വിവരം നൽകുവാൻ അപേക്ഷിക്കുന്നു

(1) ഏത് തിയ്യതി മുതലാണ് ഈ സ്ഥാപനത്തിലേയും അതിൻടെ അനുബന്ധ കീഴ്സ്ഥാപനങ്ങളിലെയും നിയമനങ്ങൾ പി എസ് സി ക്ക് കീഴിലാക്കിയത് എന്ന് വ്യക്തമാക്കുക.ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ ഹാജരാക്കുക

(2) ഈ സ്ഥാപത്തിലും അതിൻടെ കീഴിൽ വരുന്ന സ്ഥാപനങ്ങളിലും പി എസ് സി റാങ്ക് പട്ടിക മുഖേനെയല്ലാതെ എംപ്ളോയ്മെൻട് എക്ചേഞ്ച് അല്ലെങ്കിൽ മറ്റു പി എസ് സി റാങ്ക് ലിസ്റ്റ് ഇതര മാർഗ്ഗങ്ങൾ വഴി മാത്രം നിയമനം നൽകുന്ന എത്ര തസ്തികകൾ 2006 ജൂൺ 1 മുതൽ 2019 ഫെബ്രുവരി 28 വരെ നിലവിൽ ഉണ്ട് /ഉണ്ടായിരുന്നു എന്നത് വ്യക്തമാക്കുക .ആ തസ്തികളുടെ പേരുകളും നടന്ന നിയമനങ്ങളും വർഷങ്ങൾ തിരിച്ച് വ്യക്തമാക്കുക ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ ഹാജരാക്കുക

(3)ഈ സ്ഥാപത്തിലും അതിൻടെ കീഴിൽ വരുന്ന സ്ഥാപനങ്ങളിലും 2006 ജൂൺ ഒന്നുമുതൽ 2019 ഫെബ്രുവരി 28 വരെ എംപ്ളോയ്മെൻട് എക്സ്ചേഞ്ച് അല്ലെങ്കിൽ മറ്റു പി എസ് സി റാങ്ക് ലിസ്റ്റ് ഇതരമാർഗ്ഗങ്ങളിലൂടെ താത്കാലിക ജോലി നൽകി

സ്ഥിരപ്പെട്ടവരുടെ എണ്ണം ,തസ്തികകളുടെ പേരുകൾ ,സ്ഥിരപ്പെട്ട വർഷങ്ങൾ എന്നിവ വ്യക്തമാക്കുക .അനുബന്ധരേഖകളുടെ പകർപ്പുകൾ ഹാജരാക്കുക

(4) ഈ സ്ഥാപനത്തിലേയും അതിൻടെ കീഴിൽ വരുന്ന കീഴ്സ്ഥാപനങ്ങളിലേയും ലാസ്റ്റ് ഗ്രേഡ് അംഗീകൃത തസ്തികകളിലെ നിയമനങ്ങൾ ഏത് തിയ്യതിമുതലാണ് പി എസ് സിക്ക് വിട്ടത് എന്ന് വ്യക്തമാക്കുക .ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് സമർപ്പിക്കുക.

(5)ഈ സ്ഥാപനത്തിലേയും അതിൻടെ കീഴിൽ വരുന്ന കീഴ്സ്ഥാപനങ്ങളിലേയും പി എസ് സി അനംഗീകൃത (നോൺ സാങ്ഷൻഡ് )തസ്തികകളിലെ നിയമനങ്ങൾ എംപ്ളോയ്മെൻട് എക്സ്ചേഞ്ചുകൾ മുഖേനയാണോ നടത്താറുള്ളത് എന്നത് വ്യക്തമാക്കുക.അല്ലെങ്കിൽ ഏത് വിധത്തിലാണ് പ്രസ്തുത നിയമനങ്ങൾ നടത്താറുള്ളത് എന്നത് വ്യക്തമാക്കുക .കരാർ,താത്കാലിക ,മറ്റു പി എസ് സി ഇതര നിയമനങ്ങൾ പത്ര മാധ്യമങ്ങൾ വഴി അപേക്ഷ/വിജ്ഞാപനം ക്ഷണിച്ച് പൊതുപരീക്ഷ നടത്തി റാങ്ക് ലിസ്റ്റിട്ട് യോഗ്യതാ അടിസ്ഥാനത്തിൽ ക്രമപ്രകാരം ആണോ നടത്താറുള്ളത് എന്നത് വ്യക്തമാക്കുക .അങ്ങനെയാണെങ്കിൽ പത്രമാധ്യമങ്ങളിലൂടെ വിജ്ഞാപനം/അപേക്ഷ ക്ഷണിച്ചതിൻടേയും ,പരീക്ഷകൾ നടത്തിയതിൻടെയും ,റാങ്ക് ലിസ്റ്റ് ഇട്ടതിൻടെയും അനുബന്ധരേഖകൾ ഹാജരാക്കുക

(6) ഈ സ്ഥാപനത്തിലേയും അതിൻടെ കീഴിൽ വരുന്ന കീഴ്സ്ഥാപനങ്ങളിലേയും പി എസ് സി റാങ്ക് ലിസ്റ്റ് വഴിയല്ലാതെ നടത്തുന്ന എംപ്ളോയമെൻട് എക്സ്ചേഞ്ച് അല്ലെങ്കിൽ മറ്റിതരമാർഗ്ഗങ്ങളിലൂടെ(പി എസ് സി റാങ്ക് ലിസ്റ്റ് ഇതര) നടത്തുന്ന നിയമനങ്ങളിൽ പരമാവധി നിയമനകാലവധി ആറ് മാസമാണെന്നും ,മുൻകൂട്ടി നോട്ടീസ് ഇല്ലാതെയുള്ള പിരിച്ചുവിടലിന് അവർ വിധേയരാണെന്നും,ശമ്പളം/ദിവസക്കൂലി അല്ലാതെ മറ്റാനുകൂല്യങ്ങൾക്ക് അർഹതയില്ലെന്നുമുള്ള വസ്തുതകൾ ബന്ധപ്പെട്ട വകുപ്പ് തലവൻമാർ താത്കാലിക ക്കാരോട് വ്യക്തമാക്കിയിട്ടുണ്ടോ എന്നത് വ്യക്തമാക്കുക.പരമാവധി നിയമനകാലാവധി 6 മാസം ,മുൻകൂർ നോട്ടീസ് തരാതെയുള്ള പിരിച്ചുവിടൽ ,ദിവസക്കൂലി/ശമ്പളം അല്ലാതെ മറ്റാനുകൂല്യങ്ങൾക്ക് അർഹത ഇല്ലാതിരിക്കൽ എന്നീകാര്യങ്ങളിൽ
ഉദ്യോഗാർത്ഥികളിൽ നിന്നും സമ്മതപത്രം സ്വീകരിക്കാറുണ്ടെങ്കിൽ സംബന്ധിക്കുന്ന രേഖകളുടെ പകർപ്പുകൾ ഹാജരാക്കുക

(7) ഈ സ്ഥാപനത്തിലേയും അതിൻടെ കീഴിൽ വരുന്ന കീഴ്സ്ഥാപനങ്ങളിലേയും എംപ്ളോയ്മെൻറ്റ് ,മറ്റു പി എസ് സി ഇതര നിയമനങ്ങളിലെ പരമാവധി നിയമനകാലാവധി 6 മാസമാണെന്നിരിക്കേ ,ആറുമാസത്തിലധികം താത്കാലികക്കാർക്ക് തുടർച്ചയായി ജോലിനൽകിയതിനാൽ ഈ സ്ഥാപനത്തിലേയും കീഴ്സ്ഥാപനങ്ങളിലേയും ബന്ധപ്പെട്ട നിയമന അധികാരികൾക്ക് എതിരെ എന്തെങ്കിലും വകുപ്പ് തല നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുക.അനുബന്ധ രേഖകളുടെ പകർപ്പ് ഹാജരാക്കുക

(8 )ഈ സ്ഥാപനത്തിലേയും അതിൻടെ കീഴിൽ വരുന്ന കീഴ്സ്ഥാപനങ്ങളിലേയും 2006 ജൂൺ 1 മുതൽ 2019 ഫെബ്രുവരി 28 വരെ തൃശൂർ ജില്ലയിൽ കാലാകാലങ്ങളിൽ നിലവിലുണ്ടായിരുന്ന വിവിധ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ് (വിവിധ വകുപ്പുകൾ ) പി സ് സി റാങ്ക് പട്ടികകൾ ഒഴിവാക്കി എത്ര പി എസ് സി അംഗീകൃത ലാസ്റ്റ് ഗ്രേഡ് /ക്ളാസ് ഫോർ തസ്തികകളിൽ എംപ്ളോയ്മെൻറ്റ് ,മറ്റിതര മാർഗ്ഗങ്ങൾ

ഉപയോഗിച്ച് താത്കാലിക നിയമനം നടത്തി സ്ഥിരപ്പെടുത്തി എന്നത് വ്യക്തമാക്കുക.ഇത്തരത്തിൽ താത്കാലികക്കാരെ സർവ്വീസിൽ പ്രവേശിപ്പിച്ച തീയ്യതി,സ്ഥിരപ്പെടുത്തിയ തീയ്യതി എന്നിവ വ്യക്തമാക്കുക .ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ ഹാജരാക്കുക

(9)2006 ജൂൺ 1 മുതൽ 2019 ഫെബ്രുവരി 28 വരെ ഈ സ്ഥാപനത്തിലും കീഴ്സ്ഥാപനങ്ങളിലും ലാസ്റ്റ് ഗ്രേഡ് /ക്ലാസ് ഫോർ പി എസ് സി അനംഗീകൃത (നോൺ സാങ്ഷൻഡ്)തസ്തികകളിൽ തൃശൂർ ജില്ലയിൽ എത്ര പേരെ താത്കാലികമായി നിയമിച്ചു പിന്നീട് സ്ഥിരപ്പെടുത്തി എന്നത് അവർ ഈ സ്ഥാപനത്തിൽ കയറിയ തീയ്യതി ,സ്ഥിരപ്പെട്ട തീയ്യതി എന്നിവ ബന്ധപ്പെട്ട രേഖകൾ സഹിതം വ്യക്തമാക്കുക .

(10)മുകളിൽ ചോദിച്ച ചോദ്യങ്ങൾക്ക് വ്യക്തമായ പകർപ്പുകൾ ,നിയമപ്രകാരം വ്യക്തമായ മറുപടികൾ എന്നിവ ലഭ്യമാകാത്ത പക്ഷം അപ്പീൽ കൊടുക്കേണ്ട അപ്പീൽ അധികാരിയുടെ പേര് ; കൃത്യമായ മേൽവിലാസം സഹിതം ദയവായി വ്യക്തമാക്കുക

എന്ന് വിശ്വസ്തതയോടെ

പ്രിയ-വി.പി
Priya.V.P

സ്ഥലം : അരിയന്നൂർ
തീയ്യതി : 20-03-2019.